വിക്കിപീഡിയ
സ്വതന്ത്രസർവ്വവിജ്ഞാനകോശം

# വിക്കിയുവസംഗമം നന്ദകുമാർ ഉത്ഘാടനം ചെയ്യും

<u>പ്രസിദ്ധീകരണത്തിന്</u>

മലയാളം വിക്കിപീഡിയയുടെ പ്രാധാന്യം യുവാക്കളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന വിക്കിയുവസംഗമം ആലപ്പുഴ നഗരചത്വരത്തിൽ ഇന്ന് (30-11-2013) ആരംഭിക്കും. സ്വതന്ത്ര സോഫ്റ്റ് വെയർ രംഗത്തെ യുവപ്രതിഭ ഇ. നന്ദകുമാർ വിക്കിയുവസംഗമം ഉത്ഘാടനം ചെയ്യും.

രാവിലെ 10 മുതൽ വൈകിട്ട് 4 വരെ നടക്കുന്ന ഏകദിന ശില്പശാലയിൽ വിക്കിപീഡിയ എഡിറ്റിംഗ്, വിക്കിഗ്രന്ഥശാല ഡിജിറ്റൈസേഷൻ, ഇ-മലയാളം എഴുത്ത് തുടങ്ങിയവയിൽ പരിശീലനം നൽകും. സ്വതന്ത്ര വിജ്ഞാന കോശമായ മലയാളം വിക്കിപീഡിയയിലെ പ്രവർത്തകരുടെ വാർഷിക കൂടിച്ചേരലായ വിക്കിസംഗമോത്സവത്തിന്റെ അനുബന്ധപരിപാടിയായാണ് വിക്കിയുവസംഗമം നടത്തുന്നത്. ഈ പരിശീലനത്തിൽ ഹയർ സെക്കണ്ടറി - കോളേജ് വിദ്യാർത്ഥികളടക്കമുള്ള യുവതീ - യുവാക്കൾക്ക് പങ്കെടുക്കാം. ഡിസംബർ 21, 22, 23 തീയതികളിൽ ആലപ്പുഴയിലാണ് വിക്കിസംഗമോത്സവം നടക്കുന്നത്.

വിക്കിസംഗമോത്സവത്തനായുള്ള രജിസ്ട്രേഷൻ www.ml.wikipedia.org എന്ന വിലാസത്തിൽ മലയാളം വിക്കിപീഡിയയിൽ ആരംഭിച്ചിട്ടുണ്ട്.

വിക്കിയുവ സംഗമത്തിലേക്കുള്ള പ്രവേശനം സൗജന്യമായിരിക്കും. പങ്കെടുക്കുവാൻ താല്പര്യമുള്ളവർക്ക് 9400203766, 9747014264 എന്നീ നമ്പരുകളിൽ വിളിച്ച് പേര് ചേർക്കാവുന്നതാണ്.

വിശ്വസ്തതയോടെ

**അഡ്വ. ടി.കെ. സുജിത്**
(9846012841)
ജനറൽ കൺവീനർ വിക്കിസംഗമോത്സവം